ശ്രീ. പി. ജെ. ജോസഫ് : ഇത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. അവിടത്തെ താലൂക്ക് ആഫീസ് കെട്ടിടം പൊളിച്ചു മാറ്റുകയും അവിടെ സ്ഥലം അതിനുവേണ്ടി മാറ്റിയിട്ടിരിക്കുകയുമാണ്. അത് മുൻഗണന കൊടുക്കേണ്ട ഒരു കാര്യമാണെന്നതിൽ യാതൊരു സംശയവുമില്ല.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : സംസ്ഥാനത്തെ ഏറ്റവും വലിയ താലൂക്കുകളിൽ ആദ്യമായി കെട്ടിടങ്ങൾ നിർമ്മിക്കുകയെന്ന നിർദ്ദേശത്തെ പറ്റി ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : താലൂക്കുകൾ വലുതാണെങ്കിലും ഇപ്പോൾ തന്നെ സ്ഥലസൗകര്യമുള്ള നല്ല പഴയ കെട്ടിടങ്ങൾ—തളിപ്പറമ്പിൽ ഉള്ളതു പോലെ—അത് വളരെ സൗകര്യപ്രദമാണ്. അതിന്റെ വലിപ്പമല്ല പ്രശ്നം, സൗകര്യങ്ങളാണ്. അവ വേണ്ടപോലെ ഈ കെട്ടിടങ്ങൾക്കുണ്ട്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : മലപ്പുറം ജില്ലയുടെ ആസ്ഥാനം മലപ്പുറത്താണെങ്കിലും വളരെയധികം ജില്ലാ ആഫീസുകൾ സ്ഥിതിചെയ്യുന്ന മഞ്ചേരിയിൽ മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കണമെന്ന് പറഞ്ഞ് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. സി. എച്ച്. മുഹമ്മദ്കോയ സാഹിബ് പ്രൊപ്പോസൽ അയയ്ക്കുകയും റവന്യൂ വകുപ്പിൽ നിന്ന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിക്കാത്തതിന്റെ പേരിൽ കെട്ടിക്കിടക്കുന്നതുമായ വസ്തുത ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ; ഉണ്ടെങ്കിൽ അതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കൊടുക്കുന്നത് ധനം ലഭ്യമാണോ എന്ന് നോക്കിയിട്ടാണ്.

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഒരു ജില്ലയിലൊന്ന് എന്ന മുൻഗണന തീരുമാനിച്ച അവസരത്തിൽ എറണാകുളം ജില്ലയിൽ ഉള്ള പെരുമ്പാവൂരിൽ ഒരു മിനി സിവിൽ സ്റ്റേഷൻ പണിയാൻ വേണ്ട മുൻഗണന മുൻ ഗവൺമെന്റ് തീരുമാനിക്കുകയും അതിന്റെ ഒരു ഭാഗം എന്നുള്ളനിലയിൽ സ്റ്റാഫ് കാർട്ടേഴ്സിനുവേണ്ടിയുള്ള സ്ഥലം അക്വയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ മിനി സിവിൽ സ്റ്റേഷന്റെ പണികൾക്കുള്ള യാതൊരു നടപടികളും ഉണ്ടായിട്ടില്ല. അത് അടിയന്തിരമായി തുടങ്ങാൻ മന്ത്രി ശ്രദ്ധിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇതിനെപ്പറ്റിയുള്ള പൊതുവായ കാര്യം പറഞ്ഞുകഴിഞ്ഞു. ധന ലഭ്യത തന്നെയാണ് ഇതിന്റെ മുഖ്യപ്രശ്നം.

പീഡിത വ്യവസായങ്ങൾ

*428. [458] ശ്രീ. ഒ. ഭരതൻ :
,, എം. ജിനദേവൻ :
,, സി. കെ. തങ്കപ്പൻ :
,, കെ. മൂസ്സക്കുട്ടി :
,, കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീഡിത വ്യവസായങ്ങൾ ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ, ഏതെല്ലാം ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) എല്ലാ പീഡിതവ്യവസായങ്ങളും ഗവൺമെൻറ് ഏറെടുക്കുക എന്നത് പ്രായോഗികമല്ലെങ്കിലും, ഇത്തരം വ്യവസായങ്ങളുടെ പുനരുദ്ധാരണ പദ്ധതികളുടെ ഭാഗമായി ഗവൺമെൻറ് നൽകേണ്ട സഹായങ്ങളും ആനുകൂല്യങ്ങളും നൽകുക എന്നതാണ് ഗവൺമെൻറിൻെറ നയം.

(ബി) ഉദിക്കുന്നില്ല.

ശ്രീ. ഒ. ഭരതൻ : ഒരു വ്യവസായത്തെ പീഡിതവ്യവസായമായി പരിഗണിക്കാനും, പ്രഖ്യാപിക്കാനും ഇന്ന് അംഗീകരിക്കപ്പെടുന്ന തത്വങ്ങളും, മാനദണ്ഡങ്ങളുമെന്തൊക്കെയാണ് എന്ന് വിശദീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഇടത്തരം-വൻകിടവ്യവസായങ്ങൾ പീഡിതമാകുന്നതിനുള്ള ഒരു ഡഫനിഷൻ "continuous cash loss for three years and accumulated loss is more than 50% of the equity capital of the unit" ഇതാണ്. ചെറുകിടവ്യവസായത്തെ സംബന്ധിച്ചിടത്തോളം വളരെ നാളുകളായി അടച്ചുപൂട്ടിയിട്ടുള്ളത് ഒരു നിലയിലും ഇന്ന് തുറന്ന് പ്രവർത്തിപ്പിക്കാൻ സാദ്ധ്യമല്ലാത്തതായി കണക്കാക്കുന്നതും, എന്നാൽ സാമ്പത്തികസഹായവും മറ്റ് ചില ആനുകൂല്യങ്ങളും കൊടുത്താൽ പുനരുദ്ധരിക്കാവുന്നവയുമാണ്.

ശ്രീ. ഒ. ഭരതൻ : വ്യവസായങ്ങൾ പീഡനങ്ങൾക്ക് വിധേയമാകുന്നത് മാനേജ്മെൻറിൻെറ ഭാഗത്തുനിന്നും, അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന നിയമവിരുദ്ധവും, അനാശാസ്യവുമായ സമീപനത്തിൻേറയും നടപടികളുടേയും ഫലമായിട്ടാണ് എന്ന് റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പഠനസംഘത്തിൻെറ റിപ്പോർട്ട് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടിയാണ് ഗവൺമെൻറ് എടുത്തിട്ടുള്ളത് ?

ശ്രീ. ഇ. അഹമ്മദ് : ഇതിൽ പറയുന്നതുപോലുള്ള പല റിപ്പോർട്ടുകളും ഗവൺമെൻറിൻെറ മുമ്പിൽ കിട്ടാറുണ്ട്. പക്ഷേ ഓരോ യൂണിറ്റുകളും ഓരോ കാരണങ്ങളാൽ ആയിരിക്കും പീഡിതമാകുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ചില കാരണങ്ങൾകൊണ്ട് പൂട്ടിയവയുണ്ടാകാം, പീഡിതം ആയതാവാം, മാർക്കറ്റിംഗിൻെറ വിഷമംകൊണ്ട് പീഡിതമായതാകാം, അങ്ങനെ ഓരോ യൂണിറ്റിനെ സംബന്ധിച്ചിടത്തോളവും വിവിധങ്ങളായ കാരണങ്ങൾകൊണ്ടാണ് പീഡിതമാകുന്നത്.

ശ്രീ. എം. ജിനദേവൻ : കേരളത്തിൽ വ്യവസായങ്ങൾ എന്നുള്ള നിലയ്ക്ക് പ്രഖ്യാപിച്ചിട്ടില്ലെങ്കിലും അങ്ങനെ കരുതപ്പെടുന്ന വ്യവസായങ്ങൾ ഏതൊക്കെയാണ് ; എത്ര സ്ഥാപനങ്ങൾ ആ ഇനത്തിൽ പെട്ടതായി കേരളത്തിലുണ്ട് ?

ശ്രീ. ഇ. അഹമ്മദ് : ചെറുകിടവ്യവസായത്തെ സംബന്ധിച്ചിടത്തോളം ഇതിനുമുമ്പുതന്നെ ഞാൻ ഈ സഭയിൽ പറഞ്ഞുകഴിഞ്ഞതാണ്. ഇതിൽ ഏതാണ്ട് ഇതുവരെ ആറായിരത്തോളം യൂണിറ്റുകൾ പീഡിതമായിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വേ നടത്തിയതിനുശേഷം കണ്ടെിട്ടുള്ളത്. വൻകിടവ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം പീഡിതമായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ലെങ്കിലും പലതിനും സാമ്പത്തികമായ പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് അവ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ജിനദേവൻ : പീഡിതവ്യവസായങ്ങളൊന്നുംതന്നെ ഇനിമേൽ ഏറെടുക്കാനുദ്ദേശിക്കുന്നില്ലായെന്ന് നമ്മുടെ പ്രധാനമന്ത്രി അടുത്തകാലത്ത് പ്രസ്താവിച്ചത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ ഗവൺമെൻറ് അതിനോട് യോജിക്കുന്നുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : പ്രധാനമന്ത്രി ഇൻഡ്യയിലെ ഇന്നത്തെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്തുകൊണ്ടാണ് അത് പറഞ്ഞത്. പ്രധാനമന്ത്രി പറഞ്ഞത് ശരിയാണെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പരമ്പരാഗത വ്യവസായ മേഖലകളിലെ പല വ്യവസായ സ്ഥാപനങ്ങളേയും പീഡിത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്. അങ്ങനെ ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്തി കേന്ദ്രത്തിൽനിന്നും സഹായം നേടിയെടുക്കുന്നതിന് വേണ്ടിയുള്ള എന്തെങ്കിലും പരിശ്രമം ഈ സംസ്ഥാനഗവൺമെൻറ് നടത്തിയിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : പരമ്പരാഗത വ്യവസായങ്ങൾ ഉൾപ്പെടെയുള്ള കേരളത്തിലെ പല വ്യവസായ സ്ഥാപനങ്ങളേയും ഐ.ഡി.ബി.ഐ.യുടെ പുതിയ സിക്ക് റിവൈവൽ ഫണ്ടിന്റെ പരിധിയിൽകൊണ്ടുവന്ന് സഹായങ്ങൾ ലഭ്യമാക്കുന്നതു സംബന്ധിച്ച് ഗവൺമെൻറ് സമഗ്രമായി പരിശോധിച്ച് പരിപാടി തയ്യാറാക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഒരു വ്യവസായം പീഡിത വ്യവസായമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : പീഡിത വ്യവസായമായിക്കഴിഞ്ഞാൽ ചെറുകിട വ്യവസായ മേഖലയിൽ പുനരുദ്ധാരണത്തിനുവേണ്ടിവരുന്ന തുകയുടെ 40 ശതമാനം വരെ ഒരു ലക്ഷം രൂപയിൽ കവിയാത്ത തുക എന്ന പരിധിക്കുവിധേയമായി ആറു ശതമാനം പലിശയ്ക്ക് വ്യവസായവകുപ്പ് മാർജിൻ മണിയായി നൽകും. പുനരുദ്ധാരണ റിപ്പോർട്ട് തയ്യാറാക്കുന്നതിന് രണ്ടായിരം രൂപവരെ സബ്സിഡിയായി ഗവൺമെൻറ് നൽകും. സർക്കാരിലേക്ക് അടയ്ക്കേണ്ട കുടിശ്ശിക തവണകളായി അടയ്ക്കാൻ അനുവദിക്കും. വിൽപ്പനനികുതിയിനത്തിൽ കുടിശ്ശികയുണ്ടെങ്കിൽ ആവശ്യമെന്നുകണ്ടാൽ അത് ദീർഘകാലവായ്പയാക്കി മാറ്റി അത്രയും തുക വിൽപ്പനനികുതിവകുപ്പ് നേരിട്ടു നൽകും. പുനരുദ്ധാരണത്തിനുശേഷം ഉൽപ്പാദനം തുടങ്ങുന്ന തീയതി മുതൽ അഞ്ചുവർഷത്തേക്ക് വിൽപ്പന നികുതിയിൽനിന്നും സ്ഥിര നിക്ഷേപത്തിന്റെ 90 ശതമാനംവരെയുള്ള തുക ഒഴിവാക്കും. റവന്യൂ റിക്കവറി ഉണ്ടെങ്കിൽ ജില്ലാവ്യവസായകേന്ദ്രം ജനറൽ മാനേജരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അത് ജില്ലാകളക്ടർ താൽക്കാലികമായി നിർത്തി വയ്ക്കും. പുനരുദ്ധാരണത്തിന് ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങാൻ ഉദാരമായ വ്യവസ്ഥയിൽ ഗവൺമെൻറ് വായ്പ അനുവദിക്കും. ധനകാര്യസ്ഥാപനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും വായ്പ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഇത്രയും നടപടികൾ ഈ പുനരുദ്ധാരണത്തിനുവേണ്ടി സംസ്ഥാന ഗവൺമെൻറ് ചെയ്യുന്നതാണ്.

ശ്രീ. നാലകത്തു സൂപ്പി : ചെറുകിട വ്യവസായങ്ങളുടെ കൂട്ടത്തിൽ മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം തകർന്നു കിടക്കുന്ന സ്റ്റാർച്ച് വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ ? അത് വേറെ ഏതെങ്കിലും വ്യവസായമായി കൺവെർട്ട് ചെയ്യുന്നതിനെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ ? പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ നന്നാക്കുന്നതിനും അതിൻെറ ഉടമകളെ താൽക്കാലികമായി സഹായിക്കുന്നതിനുമുള്ള ഏതെങ്കിലും പ്രൊപ്പോസൽ വന്നാൽ പരിഗണിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : മരച്ചീനി അസംസ്കൃത പദാർത്ഥമായി ലഭ്യമാക്കുന്ന കാലഘട്ടത്തിലാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച സ്റ്റാർച്ച് ഫാക്ടറി ആരംഭിച്ചത്. ഇന്ന് ആ അസംസ്കൃതപദാർത്ഥം ലഭ്യമാക്കാൻ വളരെയധികം പ്രയാസമായതുകൊണ്ട് ഈ പറയുന്ന ഇനത്തിൽപ്പെട്ട പല വ്യവസായങ്ങളും അടച്ചുപൂട്ടികഴിഞ്ഞിരിക്കുകയാണ്. അത് ഒന്നുകിൽ ഡൈവേഴ്സിഫൈ ചെയ്യുക അല്ലെങ്കിൽ മറാർക്കെങ്കിലും നടത്താവുന്ന വിധത്തിൽ അത് വിട്ടുകൊടുക്കുന്നതിന് അവരെ അതുവരെ പ്രേരിപ്പിക്കുക എന്നിലയിലാണ് ഗവൺമെൻറ് അവരോട് പറഞ്ഞിട്ടുള്ളത്. അതുസംബന്ധിച്ച് ഇതിലുൾപ്പെട്ട വ്യവസായികളുമായി ഈ വ്യവസായവകുപ്പു ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുന്നു. ഓരോ യൂണിറ്റിനും പ്രത്യേകം പ്രത്യേകമായിട്ടുള്ള റിവൈവൽ പദ്ധതിയുണ്ടാകണം. അതിനുള്ള നിർദ്ദേശം കൊടുത്തു നടപ്പിലാക്കുന്നതിന് ശ്രമിക്കും.

ശ്രീ. ബേബിജോൺ : പീഡിത വ്യവസായങ്ങളിൽ ചെറുകിട വ്യവസായങ്ങൾ ആറായിരത്തിൽ ചിലപ്പോൾ താനമാണെന്ന് പറഞ്ഞു. എന്നാൽ വൻകിട-ഇടത്തരം വ്യവസായങ്ങളുടെ കണക്കു പറഞ്ഞില്ല. ചെറുകിട പീഡിതവ്യവസായങ്ങൾ റിവൈവ് ചെയ്യാൻ ഇപ്പോൾ പുനരുദ്ധാരണ നടപടികൾ സ്വീകരിച്ചുവെന്ന് പറഞ്ഞു. ഇതിൽ എത്ര എണ്ണം റിവൈവ് ചെയ്തു. ഗവൺമെൻറിൻേറയും മാറ് രീതിയിലുമുള്ള സഹായങ്ങൾ കൊണ്ട് ഇതിൽ എത്ര എണ്ണം നമുക്ക് റിവൈവ് ചെയ്യാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : വളരെക്കാലമായി വ്യവസായം ചെറുകിടമേഖലയിൽ ആരംഭിച്ചതിനുശേഷം എത്ര വ്യവസായങ്ങൾ പീഡിതമായി എന്നുള്ള കണക്കുണ്ടായിരുന്നില്ല. 1982-83-ൽ വ്യവസായ വാണിജ്യ വകുപ്പ് ഒരു സർവ്വേ നടത്തിയിട്ടാണ് അത് കണ്ടെത്തിയത്. അതിനുശേഷം ഏതാണ്ട് 400-ൽപ്പരം അപേക്ഷകൾ ഈ റിവൈവലിനുവേണ്ടി ലഭിച്ചുകഴിഞ്ഞു. അതിൽ ഏതാണ്ട് പുനിക്കു കിട്ടിയ വിവരമനുസരിച്ച് 160 എണ്ണത്തോളം റിവൈവ് ചെയ്തുകഴിഞ്ഞു. ബാക്കി റിവൈവ് ചെയ്യാൻ ആരംഭിക്കുകയാണ്. വൻകിട-ഇടത്തരം മേഖലയെ സംബന്ധിച്ചിടത്തോളം സാധാരണ ഇതിന് എന്തെങ്കിലും വിഷമം വരുമ്പോൾ ഐ.ഡി.ബി.ഐ. പോലുള്ള സാമ്പത്തികസ്ഥാപനങ്ങളിൽ പോകുകയാണ്. ഗവൺമെൻറിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഗവൺമെൻറുചെയ്യും. എന്നാൽ ഗവൺമെൻറുടമയിൽ ഇല്ലാത്ത വൻകിട-ഇടത്തരം സ്ഥാപനങ്ങൾ പീഡിതമായിക്കഴിഞ്ഞാൽ അത് പുനരുദ്ധരിക്കാനുള്ള നടപടികൾ ഇല്ലാത്തതുകൊണ്ട് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പുമെൻറു കോർപ്പറേഷനിൽ പീഡിതവ്യവസായങ്ങളെ പുനരുദ്ധരിക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസി ഗവൺമെൻറു പ്രഖ്യാപിക്കുകയും അവിടെ അതിനുവേണ്ട ഒരു പ്രത്യേക ഡിവിഷൻ തുടങ്ങി ആ വ്യവസായികളെ ഓരോരുത്തരെയായി വിളിച്ചുവരുത്തി അതിനുള്ള പദ്ധതികളും തയ്യാറാക്കുകയുമാണ്. ഗവൺമെൻറ് ട്രാവൻകൂർ റയോൺസ് റിവൈവ് ചെയ്തു. പിന്നെ പാക്കേജ് ഓഫ് അസിസ്റ്റൻസ് കൊടുത്തുകൊണ്ട് സിക്ക് ആയിതീരുന്ന ടെൽക്കിനെ സംബന്ധിച്ചിടത്തോളം 16 ശതമാനം പലിശയെന്നുള്ളത് ബാങ്കുകളെ വിളിച്ചു വരുത്തി പത്തു ശതമാനമായി കുറച്ചുമാറിക്കൊടുത്തു. അതിനും പുറമേ മുടങ്ങിക്കിടക്കുന്നത് ആരംഭിക്കാനുള്ള നടപടികളും വൻകിട-ഇടത്തരം മേഖലകളിൽ ഗവൺമെൻറ് ചെയ്തിട്ടുണ്ട്. ഈ ഗവൺമെൻറ് വരുമ്പോൾ പൂട്ടിക്കിടന്നത് 19 വ്യവസായങ്ങളായിരുന്നു. കൂടുതൽ വ്യവസായങ്ങൾക്കുവേണ്ടി ഐ.ഡി.ബി.ഐ:യുടെ 650 കോടി രൂപയുടെ ഒരു പദ്ധതിയുണ്ട്. ആ പദ്ധതിലഭ്യമാക്കാൻ ഗവൺമെൻറു ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു ആറായിരം പീഡിതവ്യവസായങ്ങളിൽ 160 വ്യവസായങ്ങളാണ് റിവൈവ് ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്ന്. ബാക്കിയുള്ളവ മേയ്-ജൂൺ മാസങ്ങളിൽ എത്ര വ്യവസായങ്ങൾകൂടി റിവൈവ് ചെയ്യും എന്നു പറഞ്ഞാൽ തരക്കേടില്ല.

ശ്രീ. ഇ. അഹമ്മദ് : 1983-ലാണ് ഞാൻ പറഞ്ഞ റിവൈവൽ സ്കീം ഇവിടെ ആരംഭിച്ചത്. 1983-നുശേഷം, ഞങ്ങളും ആരംഭിച്ചതിനുശേഷമുള്ള റിവൈവലിനെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. 6,000 എന്നു പറഞ്ഞതിൽ 5,500 യൂണിറ്റുകളും 1982-ന് മുമ്പ് അടഞ്ഞുകിടക്കുന്നതാണ്, പീഡിതമായതാണ്. 1982-നു ശേഷം 414 എണ്ണം മാത്രമാണ് അടഞ്ഞുകിടക്കുന്നത്. ഈ പറഞ്ഞതിൽ 400-ഓളം അപേക്ഷകളിൽ നൂറിൽപ്പരം അപേക്ഷകളും പെട്ടെന്നു ക്ലിയർ ചെയ്യാൻ കഴിഞ്ഞു. ഇനിയും കുറെയെണ്ണം ചെയ്യേണ്ടതുണ്ട്. ആവുന്നത്ര ചെയ്യും എന്നുമാത്രമേ എനിക്കു പറയാൻ നിവർത്തിയുള്ളു.

വനേതര ആവശ്യങ്ങൾക്ക് വനഭൂമി

*429 [459] ശ്രീ. ഇ ടി. മുഹമ്മദ് ബഷീർ :
,, കെ.പി. രാമൻ :
,, പി.കെ. കുഞ്ഞാലിക്കുട്ടി :
,, കെ.പി.എ. മജീദ് :
,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനേതര ആവശ്യങ്ങൾക്ക് വനഭൂമി ഉപയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ; എത്ര ഹെക്ടർ ;

(സി) എന്തെല്ലാം ആവശ്യങ്ങൾക്കായിട്ടാണ് ഈ വനഭൂമി ഉപയോഗിച്ചത് ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) ഉപയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly